**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6385** **10-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധിയിൽ അംഗമല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്ത മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) യിൽ നിന്നും പരമാവധി ധനസഹായം നൽകി വരുന്നു. മുതലപ്പൊഴിയിൽ അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവരുടെ കുടുംബങ്ങൾക്ക് CMDRF ൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. 05/09/2022 ൽ സംഭവിച്ച അപകടത്തിൽ ശ്രീ. കഹാറിന്റെ 2 മക്കൾ മരണപ്പെട്ടിരുന്നു. മക്കളായ ഉസ്മാൻ, മുസ്തഫ എന്നിവർക്ക് CMDRF ൽ നിന്നും രണ്ടു ലക്ഷം രൂപ വീതം ആകെ നാല് ലക്ഷം രൂപ അനുവദിച്ചു. 29/04/2024 ൽ മരണപ്പെട്ട ജോൺ ഫെർണാണ്ടസ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളി ആയിരുന്നതിനാൽ ടിയാന് CMDRF ൽ നിന്ന് ധനസഹായത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | അപകടങ്ങളിൽ മരിച്ച ഈ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്ത മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) യിൽ നിന്നും പരമാവധി ധനസഹായം നൽകി വരുന്നു. മുതലപ്പൊഴിയിൽ അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവരുടെ കുടുംബങ്ങൾക്ക് CMDRF ൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. 05/09/2022 ൽ സംഭവിച്ച അപകടത്തിൽ ശ്രീ. കഹാറിന്റെ 2 മക്കൾ മരണപ്പെട്ടിരുന്നു. മക്കളായ ഉസ്മാൻ, മുസ്തഫ എന്നിവർക്ക് CMDRF ൽ നിന്നും |

| | | | |
|---|---|---|---|
| | | | രണ്ടു ലക്ഷം രൂപ വീതം ആകെ നാല് ലക്ഷം രൂപ അനുവദിച്ചു. 29/04/2024 ൽ മരണപ്പെട്ട ജോൺ ഫെർണാണ്ടസ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളി ആയിരുന്നതിനാൽ ടിയാന് CMDRF ൽ നിന്ന് ധനസഹായത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ